# 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത

ആക്റ്റ് വീണ്ടും ഭേദഗതി

ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റ് (2003-ലെ 29) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2021 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 4-ാം വകുപ്പിനുള്ള ഭേദഗതി.—2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിലെ (2003-ലെ 29) 4-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) പ്രത്യേകിച്ചും മുൻപറഞ്ഞ വ്യവസ്ഥയുടെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, 2021-2022 മുതൽ 2025-2026 വരെയുള്ള വർഷങ്ങളിൽ സർക്കാർ റവന്യൂ കമ്മി പൂർണ്ണമായും ഇല്ലാതാക്കേണ്ടതും;

(എ) 2021-2022, 2022-2023, 2023-2024, 2024-2025, 2025-2026 എന്നീ വർഷങ്ങളിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ യഥാക്രമം 0.5 ശതമാനം, 0.8 ശതമാനം, 1.2 ശതമാനം, 1.7 ശതമാനം, 2.5 ശതമാനം എന്നീ ക്രമത്തിൽ റവന്യൂ മിച്ചം വർദ്ധിപ്പിക്കേണ്ടതും ധനക്കമ്മി പരിധിയ്ക്കുള്ളിൽ ലക്ഷ്യമാക്കുന്ന വായ്പാ തുക പൂർണ്ണമായും ആസ്തി വികസനത്തിനായി ചെലവഴിക്കേണ്ടതുമാണ്.

KNPP. 1208/2022

(ബി) 2021-2022, 2022-2023, 2023-2024, 2024-2025 എന്നീ വർഷങ്ങളിൽ ധനക്കമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ യഥാക്രമം 4.5 ശതമാനം, 4 ശതമാനം, 3.5 ശതമാനം, 3.5 ശതമാനം എന്നീ ക്രമത്തിൽ കുറയ്ക്കുകയും 2025-2026-ൽ ഇത് 3 ശതമാനത്തിലേക്ക് കുറച്ചുകൊണ്ടുവരുന്നതിലൂടെ 2021 ഏപ്രിൽ 1-ന് ആരംഭിച്ച് 2026 മാർച്ച് 31-ന് അവസാനിക്കുന്ന അഞ്ച് വർഷത്തിനുള്ളിൽ ധനക്കമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ 3 ശതമാനത്തിലേക്ക് കുറച്ചുകൊണ്ടുവരേണ്ടതാണ്.

കുറിപ്പ്:—(i) മൂലധന ചെലവിനത്തിലധിഷ്ഠിതമായ 0.5 ശതമാനം വായ്പയും 2021-2022 മുതൽ 2024-2025 വരെയുള്ള കാലയളവിൽ ഊർജ്ജ മേഖലയിലെ പ്രവർത്തനമികവിനെ അടിസ്ഥാനമാക്കിയുള്ള അധികവായ്പാ പരിധിയായ 0.5 ശതമാനവും ഉൾപ്പെടുന്നതാണ് മേൽ പരാമർശിച്ച ധനക്കമ്മിയുടെ ഉയർന്ന പരിധി.

(ii) സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ള മൂലധന ചെലവിനത്തിലെ ലക്ഷ്യങ്ങൾ സംസ്ഥാനം കൈവരിക്കുന്ന പക്ഷം മൂലധന ചെലവിനത്തിലധിഷ്ഠിതമായ വായ്പയെടുക്കുവാൻ സംസ്ഥാനം അർഹമാകുന്നതാണ്. ഊർജ്ജ മേഖലയിലെ പ്രവർത്തന മികവിനെ അടിസ്ഥാനമാക്കിയുള്ള അധികവായ്പയ്ക്ക് അർഹമാകുന്നതിന് സംസ്ഥാനം ഓരോ വർഷത്തേക്കും നിഷ്കർഷിച്ചിട്ടുള്ള പ്രാഥമിക തലത്തിലുള്ള എല്ലാ വ്യവസ്ഥകളും പ്രവർത്തനമികവ് വിലയിരുത്തൽ മാനദണ്ഡങ്ങളും പാലിക്കേണ്ടതാണ്.

(iii) ധനകാര്യ കമ്മീഷൻ അവാർഡ് കാലയളവിന്റെ ആദ്യ നാലു വർഷങ്ങളിൽ (2021-2022 മുതൽ 2024-2025 വരെ) ഏതെങ്കിലും പ്രത്യേക വർഷത്തിൽ, അനുവദിച്ച വായ്പാപരിധി (ഊർജ്ജ മേഖലയിലെ വായ്പ ഒഴികെ) പൂർണ്ണമായും വിനിയോഗിക്കാൻ സംസ്ഥാനത്തിന് കഴിയുന്നില്ലെങ്കിൽ, ഉപയോഗിക്കാത്ത വായ്പാ തുക ധനകാര്യ കമ്മീഷൻ അവാർഡ് കാലയളവിനുള്ളിൽ തുടർന്നുള്ള വർഷങ്ങളിൽ ഉപയോഗപ്പെടുത്തുവാൻ കഴിയുന്നതാണ്.

(സി) 2021-2022, 2022-2023, 2023-2024, 2024-2025, 2025-2026 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ആകെ കടബാധ്യത മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ യഥാക്രമം 34.7 ശതമാനം, 34.5 ശതമാനം, 33.7 ശതമാനം, 32.8 ശതമാനം, 32 ശതമാനം എന്ന ക്രമത്തിലേക്ക് കുറച്ചുകൊണ്ടുവരേണ്ടതാണ് ".

---